

# ആധുനിക ജിഹാദ് വായനകൾ പുനർനിർമിക്കപ്പെടേണ്ടതുണ്ട്

യുദ്ധം ചെയ്യാനുള്ള അധികാരം ആധുനിക ദേശരാഷ്ട്രങ്ങൾക്ക് മാത്രമാണെന്ന് സ്ഥാപിച്ച് ലിബറൽ സെക്കുലർ ആധുനിക നാഗരികത കടന്നുവന്നു. ഇതോടെ ജിഹാദിനെ പുനർനിർവചിക്കാൻ പല ശ്രമങ്ങളുമുണ്ടായി. ഒരു ഭാഗത്ത് ഐസിസ് പോലുള്ള തീവ്രവിഭാഗങ്ങൾ വന്നപ്പോൾ മറുഭാഗത്ത് ജിഹാദ് കേവലം മനുഷ്യയത്നമാണെന്ന ഭാഷ്യവും ഉണ്ടായി. തെളിച്ചത്തിന് അനുവദിച്ച അഭിമുഖത്തിലെ പ്രധാന ഭാഗങ്ങൾ.

**ജോയൽ ഹെയ്‌വാഡ്/**
**നൂറുദ്ധീൻ നടുവണ്ണൂർ**

*അബുദബിയിലെ റബ്ദാൻ അക്കാദമിയിൽ സ്ട്രാറ്റിജിക് തോട്ട് വിഭാഗത്തിൽ പ്രഫസറാണ് ഡോ.ജോയൽ ഹേവാർഡ്. 17ഓളം പുസ്തകങ്ങൾ പ്രസിദ്ധീകൃതമായിട്ടുണ്ട്. മുഹമ്മദ് നബിയുടെ യുദ്ധങ്ങളെ സമഗ്രമായി അപഗ്രഥനം ചെയ്യുന്ന ദി വാരിയർ പ്രൊഫറ്റ് എന്ന ഗ്രന്ഥമാണ് ഇതിൽ അവസാനത്തേത്. യു.കെ യുടെ വില്ല്യം രാജകുമാരനടക്കം നിരവധി രാഷ്ട്രീയ-സൈനിക നേതാക്കൾക്ക് ഉപദേശം നൽകിയിട്ടുണ്ട്.*


**ചോ: യുദ്ധത്തെക്കുറിച്ചുള്ള ഇസ്‌ലാമിന്റെ സങ്കൽപം എന്താണ്? ഇന്നത്തെ ഇസ്‌ലാമിക രാജ്യങ്ങൾ ആ ചട്ടക്കൂടുകൾ പാലിക്കുന്നുണ്ടോ? അല്ലെങ്കിൽ ഇസ്‌ലാമിക ചരിത്രത്തിൽ ഇത് എത്രത്തോളം പാലിക്കപ്പെട്ടിരുന്നു?**

ഉ: യുദ്ധത്തിനോടുള്ള ഇസ്‌ലാമിന്റെ സമീപനം ''അൽ ജിഹാദ്'' എന്നാണ് അറിയപ്പെടുന്നത്. ഏഴാം നൂറ്റാണ്ടിലെ അറേബ്യയിൽ പോരാട്ടങ്ങളുടെ അനിവാര്യ ഘടകമായിരുന്ന മാനസികവും ശാരീരികവുമായ പ്രയത്നമാണ് ഈ പേരിനുപിന്നിൽ. പോരാളികൾക്ക് അവരവരുടെ ആയുധങ്ങളും ഭക്ഷണവും സ്വയം കണ്ടെത്തേണ്ടതായിട്ടുണ്ടായിരുന്നു. ഈ ഭക്ഷണങ്ങൾ പലപ്പോഴും പെട്ടെന്ന് തീർന്നുപോവുകയും പട്ടിണിയിൽ അകപ്പെടുകയും ചെയ്യൽ പതിവായിരുന്നു. പകലിൽ ഉറങ്ങുകയും രാത്രി ദീർഘയാത്ര നടത്തുകയും ചെയ്യേണ്ടിയിരുന്നു അവർക്ക്. പൊള്ളുന്ന ചൂടിലും കോച്ചുന്ന തണുപ്പിലും അവർ യാത്ര ചെയ്തു. പതിന്മടങ്ങ് ശേഷിയുള്ള ശത്രുവ്യൂഹത്തിനു മുന്നിൽ ജീവൻ അപകടത്തിലാക്കുക വരെ ചെയ്തു. ഇത് അക്ഷരാർഥത്തിൽ പ്രയത്നം തന്നെയായിരുന്നു, അറബിയിൽ പറയുമ്പോൾ 'ജിഹാദ'. പക്ഷെ, അല്ലാഹുവിന്റെ മാർഗത്തിലുള്ള പോരാട്ടം നബിതങ്ങളോട് നിർദേശിക്കപ്പെട്ട കാര്യമായിരുന്നു. അതുകൊണ്ടുതന്നെ, യുദ്ധം അത്യാവശ്യമാണെന്ന് മുസ്‌ലിം ഭരണാധികാരി വിധിച്ചാൽ, എല്ലാ മുസ്‌ലിം പുരുഷന്മാർക്കും ജിഹാദ് ചെയ്യൽ നിർബന്ധ ബാധ്യതയാണെന്ന് പിൽകാലത്ത് വന്ന കർമശാസ്ത്ര പണ്ഡിതർ വിലയിരുത്തി. സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ, അംഗപരിമിതർ, പരിക്കുപറ്റിയ സേനാംഗങ്ങൾ, ശത്രു പാളയത്തിലെ തടവുകാർ തുടങ്ങിയ യുദ്ധമുന്നണിയിലില്ലാത്ത ഒരാളും മനഃപൂർവം ഉന്നം വെക്കപ്പെടരുതെന്ന് ഇസ്‌ലാം ഉറപ്പിച്ചുപറയുന്നു. ഇതിനുവേണ്ടിയുള്ള നിയമങ്ങൾ ഉലമാഅ് വികസിപ്പിച്ചിട്ടുണ്ട്. പടയാളികൾ മാത്രം ഏറ്റുമുട്ടുന്നതാകണം യുദ്ധം. പ്രവാചകചര്യകളുടെ അടിസ്ഥാനത്തിലാണ് ഉലമാഅ് ഈ നിയമനിർമാണങ്ങൾ നടത്തിയിട്ടുള്ളത്. മുസ്‌ലിംകൾ ഏത് സാഹചര്യത്തിലാണ് യുദ്ധത്തിനിറങ്ങേണ്ടതെന്ന് (ഈ സംഹിത കൃസ്ത്യൻ പാരമ്പര്യത്തിൽ jus and Bellum അഥവാ യുദ്ധത്തിന്റെ ന്യായമായ കാരണങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നു) ഉലമാഅ് നിശ്ചയിച്ചിട്ടില്ല. പകരം യുദ്ധം ആരംഭിച്ചു കഴിഞ്ഞാൽ പിന്നെ അതെങ്ങനെ നീതിപരമായിട്ട് പോരാടാം എന്നതാണ് ചർച്ച ചെയ്യപ്പെട്ടത്. ഇത് വിചിത്രമായി തോന്നുമെങ്കിലും ഇതിലെ യുക്തി വളരെ ലളിതമാണ്. അതായത് ദാറുൽ ഇസ്‌ലാമും ദാറുൽ ഹർബും നിരന്തരമായ സംഘട്ടനത്തിൽ തുടരണമെന്നാണ് അവരുടെ അടിസ്ഥാനം. ദാറുൽ ഹർബ് സന്ധിയിലേർപ്പെടാത്ത കാലത്തോളം ഈ നിരന്തര സംഘട്ടനം അനിവാര്യവും ധാർമികമായി ശരിയുമായിരുന്നു. ഇക്കാരണത്താലാണ് മധ്യകാല ഉലമാഅ് യുദ്ധകാരണങ്ങളെ വിശദീകരിക്കാതിരിക്കുന്നത്.

ഖുലഫാഉ റാഷിദുകൾക്ക് ശേഷവും ഇസ്‌ലാമിക സൈന്യങ്ങൾ ജിഹാദിന്റെ മൂല്യങ്ങൾ മുറുകെ പിടിച്ചിരുന്നു. ഇസ്‌ലാമിക ചരിത്രം അന്ധമായ ക്രൂരത നിറഞ്ഞതേ അല്ല. എങ്കിലും മനുഷ്യൻ അപൂർണനായതുകൊണ്ടും ഈ യുദ്ധനിയമങ്ങൾ പല അളവുകളിലായി ലംഘിക്കപ്പെട്ടതും ചരിത്രത്തിലുണ്ട്. ഇസ്‌ലാമിക കർമശാസ്ത്രത്തോട് മാത്രമല്ല, ജനീവ കൺവെൻഷനിലെ നിർദേശങ്ങളോടും താദാത്മ്യപ്പെടാൻ ഇന്നത്തെ ഇസ്‌ലാമിക രാജ്യങ്ങൾ തങ്ങളുടെ സൈനികരോട് നിർദേശിക്കുന്നുണ്ടെന്ന വസ്തുത പങ്കുവെക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. അതേസമയം ISISനെ പോലുള്ള തീവ്രഗ്രൂപ്പുകൾ അവ പാലിക്കുന്നില്ല എന്നതിൽ എനിക്ക് ദുഃഖമുണ്ട്. വെറുപ്പിന്റെ പ്രചാരകരായ അവർ അതിഭീകരമായ രീതിയിൽ ആധികാരിക ഇസ്‌ലാമിക കർമശാസ്ത്രത്തെ ഉല്ലംഘിക്കുകയാണ്.

**ചോ: മുസ്‌ലിംകളുടെ കീഴടക്കലുകൾ വലിയ അളവിലുള്ള മതപരിവർത്തനത്തിന് കാരണമായിട്ടില്ല എന്ന് താങ്കളൊരിടത്ത് സമർഥിക്കുന്നുണ്ട്. എങ്കിൽ ഇസ്‌ലാമിക പ്രചാരണത്തിന്റെ ഏറ്റവും നല്ല ഒരു മാർഗമായാണ് യുദ്ധത്തെ നബിതങ്ങൾ കണ്ടെതെന്ന് എന്തുകൊണ്ടാണ് താങ്കൾ വാദിക്കുന്നത്?**

ഉ: സമൂഹത്തിൽ വിപ്ലവാത്മക മാറ്റങ്ങൾ സൃഷ്ടിക്കാൻ യുദ്ധങ്ങൾകൊണ്ട് സാധിക്കുമെന്ന് നബിതങ്ങൾക്ക് നല്ല ബോധ്യമുണ്ടായിരുന്നു. അതുകൊണ്ടാണ് തന്റെ പുതിയ രാഷ്ട്രവ്യവസ്ഥയെ സ്ഥാപിക്കാൻ അതൊരു പ്രധാനമാർഗമായി സ്വീകരിച്ചത്. തന്റെ ശേഷം ഈ രാഷ്ട്രവ്യവസ്ഥ ആദ്യം ഒരു രാഷ്ട്രമായും പിന്നീടൊരു സാമ്രാജ്യമായും വളരേണ്ടതുണ്ടായി



രുന്നു. നബിയുടെ കാലഘട്ടത്തിൽ അതൊരിക്കലും ഒരു രാഷ്ട്രീയമായി മാറിയിരുന്നില്ല. പിതൃപരമ്പരക്കും കുടുംബബന്ധത്തിനും പകരം മതപരമായ അസ്തിത്വം അംഗത്വത്തിന്റെ അടിസ്ഥാനമായി എന്നതൊഴിച്ചാൽ ഒരു ''വിശാലമായ ഗോത്രം(super-tribe) തന്നെയായിരുന്നു അക്കാലത്ത് ഇസ്ലാം. മുസ്ലിംകളല്ലാത്തവരെ നിർബന്ധിപ്പിച്ച് ഇസ്ലാമിലേക്ക് പരിവർത്തനം ചെയ്യിക്കുന്നതായിരുന്നില്ല നബിയുടെ ഉദ്യമം; ഇത് അടിച്ചേൽപിക്കാൻ യുദ്ധം ഒരു മാധ്യമമായി തങ്ങൾ സ്വീകരിച്ചതുമില്ല. മറിച്ച്, മുസ്ലിംകളല്ലാത്ത ഗോത്രക്കാരെ തന്റെ രാഷ്ട്രീയാധികാരത്തിന് കീഴ്പെടുത്താൻ തങ്ങൾ യുദ്ധത്തെ ഉപയോഗിച്ചു. മുസ്ലിമായിട്ടോ അല്ലെങ്കിൽ ജിസ്യ അടക്കുന്ന അമുസ്ലിമായിട്ടോ ബൈഅത്ത് ചെയ്ത് തന്റെ രാഷ്ട്രീയധികാരത്തിന് കീഴിൽ ജീവിക്കാം.

**ചോ: നബിയും മക്കയിലെ ബഹുദൈവാരാധകരും തമ്മിലുള്ള യഥാർഥ പ്രശ്നം എന്തായിരുന്നു? അവയുടെ ഇടയിൽ തന്നെ നിരവധി ഏകദൈവ വിശ്വാസികൾ ഉണ്ടായിരുന്നില്ലേ? എന്തുകൊണ്ടാണ് അവരോട് ഇവർ യുദ്ധം ചെയ്യാതിരുന്നത്? രാഷ്ട്രീയപരമായ കൂടിച്ചേരൽ മതപരിവർത്തനത്തിനു തുല്യമായി തങ്ങൾ കണ്ടിരുന്നോ?**

ഉ : നബിതങ്ങളുടെ കാലത്ത് ഒട്ടനവധി ഏകദൈവ വിശ്വാസികൾ അറേബ്യയിലുണ്ടായിരുന്നു. ജൂതന്മാരും ക്രിസ്ത്യാനികളുമെല്ലാം ഇതിലടങ്ങുന്നു. ബഹുദൈവവിശ്വാസികളോട് മതപരമായ കാര്യങ്ങളിൽ എതിരിടാൻ ഇവർ മുന്നോട്ടുവരാത്തത് കൊണ്ടുതന്നെ ഇവരെ വെറുതെവിടാൻ അവരും തയ്യാറായിരുന്നു. ജൂതന്മാരെയും ക്രിസ്ത്യാനികളെയും ഒരർത്ഥത്തിൽ തന്റെ സഹോദരമതസ്ഥരായിട്ടാണ് നബിതങ്ങൾ കണ്ടത്. അതുകൊണ്ട് തന്നെ അവർ മതപരിവർത്തനം നടത്തണമെന്ന് തങ്ങൾ ശഠിച്ചിട്ടില്ല. എന്നാൽ തനിക്ക് ബൈഅത്ത് ചെയ്യണമെന്ന് ശഠിക്കുന്ന തോടൊപ്പംതന്നെ അവരുടെ ചില വിശ്വാസവൈകല്യങ്ങളെ തുറന്നുകാണിക്കുകയും ചെയ്തു (ക്രിസ്ത്യാനികളുടെ ''ത്രിയേകത്വം'' പോലുള്ളവ). അവരുടെ വിശ്വാസസംഹിതയിലെ ചില വൈകല്യങ്ങളെ ഉയർത്തിക്കാട്ടുന്നത് ഇസ്ലാമിലേക്ക് അവർ പരിവർത്തനം ചെയ്യണമെന്നതിനോ യുദ്ധം മുഖേന അവരുടെ വിശ്വാസങ്ങൾ തിരുത്തപ്പെടണം എന്നതിനോ തെളിവല്ല.

**ചോ: പരക്കെ നാശനഷ്ടങ്ങളുണ്ടാക്കുന്ന ഒരായുധമായ മിൻജനീഖ് കർമശാസ്ത്രത്തിൽ എങ്ങനെയാണ് വീക്ഷിക്കപ്പെട്ടത്? ജിഹാദുകളിൽ ഇത് വ്യാപകമായി ഉപയോഗിക്കപ്പെട്ടിരുന്നല്ലോ?**

ഉ: അമ്പുകളെപ്പോലെ കല്ലുകളും മറ്റും വിക്ഷേപിക്കാൻ ഉപയോഗിച്ചിരുന്ന ഒരു ആയുധമായിരുന്നു മിൻജനീഖ് (trebuchet). ഖൈബർ, ത്വാഇഫ് ഉപരോധങ്ങളിൽ നബിതങ്ങൾ ഇതുപയോഗിച്ചിരുന്നു. ആദ്യത്തേത് വിജയിക്കുകയും രണ്ടാമത്തേത് പരാജയപ്പെടുകയും ചെയ്തു. ഇത് പരക്കെ നാശനഷ്ടങ്ങളുണ്ടാക്കുന്നുവെന്നത് ഒരു മിത്ത് മാത്രമാണ്. ഇസ്ലാമിൽ ഇത് ഉപയോഗിക്കൽ നിരോധിതവുമല്ല. ഉന്നം കൃത്യമാക്കാൻ പ്രയാസമുള്ള ഇത്തരം ആയുധങ്ങൾ വളരെ ശ്രദ്ധയോടെയും കരുതലോടെയും മാത്രമേ ഉപയോഗിക്കാവൂ എന്നത് നബിതങ്ങളുടെ പ്രത്യേക നിർദേശമാണ്. പോരാളികളല്ലാത്തവർക്ക് ആകസ്മികമായി പോലും പരിക്കുപറ്റാതിരിക്കാൻ പ്രത്യേക ശ്രദ്ധ വേണം. എന്നാൽ കോട്ടവാതിലുകൾ തകർക്കുക എന്ന ലക്ഷ്യത്തിലാണ് ഉപയോഗിക്കപ്പെടുന്നതെങ്കിൽ അതിൽ ഈ ധാർമിക മൂല്യങ്ങളുടെ ലംഘനം വരുന്നില്ലല്ലോ. ഇത്തരം സാഹചര്യങ്ങളിൽ ഇവ ഉപയോഗിക്കാം. ഇസ്ലാമിക സൈനിക മുന്നേറ്റങ്ങളുടെ ചരിത്രത്തിൽ, കോട്ടകളുടെ ഉപരോധത്തിൽ മിൻജനീഖ് ഉപയോഗിക്കൽ അത്യാവശ്യമായിരുന്നു. പോരാളികളല്ലാത്തവർ ഒരിക്കലും ഉന്നം വെക്കപ്പെടരുതെന്ന ഉപാധിയോടെ ഉലമാഅ് എല്ലാ കാലത്തും ഇത് അനുവദിച്ചിട്ടുണ്ട്.

**ചോ: ആധുനിക യുദ്ധപോരാട്ടവും പൂർവാധുനിക യുദ്ധപോരാട്ടവും എങ്ങനെയാണ് വ്യത്യാസപ്പെടുന്നത്? പൂർവാധുനിക യുദ്ധം രൂപപ്പെട്ടുവരുന്നതിന്റെ ചുവടുകൾ എന്തൊക്കെയാണ്? നേരത്തെ പ്രഖ്യാപിക്കപ്പെട്ടിട്ടാണോ അതോ ആകസ്മികമായാണോ യുദ്ധങ്ങൾ നടന്നിരുന്നത്?**


**മുസ്ലിംകളല്ലാത്തവരെ നിർബന്ധിപ്പിച്ച് ഇസ്ലാമിലേക്ക് പരിവർത്തനം ചെയ്യിക്കുന്നതായിരുന്നില്ല നബിയുടെ ഉദ്യമം; ഇത് അടിച്ചേൽപിക്കാൻ യുദ്ധം ഒരു മാധ്യമമായി തങ്ങൾ സ്വീകരിച്ചതുമില്ല. മറിച്ച്, മുസ്ലിംകളല്ലാത്ത ഗോത്രക്കാരെ തന്റെ രാഷ്ട്രീയാധികാരത്തിന് കീഴ്പെടുത്താൻ തങ്ങൾ യുദ്ധത്തെ ഉപയോഗിച്ചു. മുസ്ലിമായിട്ടോ അല്ലെങ്കിൽ ജിസ്യ അടക്കുന്ന അമുസ്ലിമായിട്ടോ ബൈഅത്ത് ചെയ്ത് തന്റെ രാഷ്ട്രീയധികാരത്തിന് കീഴിൽ ജീവിക്കാം.**



ഉ: ആധുനികയുദ്ധവും പൂർവാധുനിക യുദ്ധവും ഒരേ പ്രക്രിയകളാണ് ഉൾകൊള്ളുന്നത്. തന്റെ പക്ഷത്തുള്ളവരെ സംരക്ഷിക്കുന്നതോടൊപ്പം എതിർപക്ഷത്തെ പരമാവധി ശത്രുക്കളെ കൊല്ലുകയെന്നതാണ് അന്നും ഇന്നും തുടർന്നു വരുന്ന രീതി. ഈ പ്രക്രിയകളിൽ മാറ്റം വന്നിട്ടില്ലെങ്കിലും ഉപയോഗിക്കുന്ന ആയുധങ്ങളിൽ വളരെ വലിയ മാറ്റങ്ങളുണ്ട്. ഇന്നത്തെ ആയുധങ്ങൾ മാരക പ്രഹരശേഷിയുള്ളവയാണ്. നിമിഷങ്ങൾക്കുള്ളിൽ ആയിരക്കണക്കിനാളുകളെ കൊന്നൊടുക്കാൻ ഇതുകൊണ്ട് സാധിക്കും. ദുഃഖകരമെന്നോണം, 20ാം നൂറ്റാണ്ടുമുതൽ പോരാളികളേക്കാൾ കൂടുതൽ പോരാളികളല്ലാത്തവരാണ് യുദ്ധങ്ങളിൽ കൊല്ലപ്പെടുന്നത്. പാരമ്പര്യ ഇസ്‌ലാമിക കർമശാസ്ത്രത്തിന് അന്യമായ ഒന്നാണിത്. പോരാളികളല്ലാത്തവർ യുദ്ധത്തിന്റെ യാതൊരു കൊടുതിയും നേരിടരുതെന്നതിൽ ഇസ്‌ലാമിക കർമശാസ്ത്രം വളരെ കർശനമാണ്. അവർ ഒരു നിലക്കും ഉന്നം വെക്കപ്പെടരുത്.

കബളിപ്പിച്ചുകൊണ്ടുള്ള സൈനിക നീക്കം, തന്ത്രപരമായ ചലനങ്ങൾ ആകസ്മികമായ ആക്രമണങ്ങൾ: എല്ലാം പ്രവാചകന്റെ യുദ്ധ നീക്കങ്ങളുടെ ഭാഗമായിരുന്നു. ഇരു ഭാഗത്തും ഏറ്റവും കുറവ് അത്യാഹിതങ്ങളോടെ ശത്രുവിനെ പരാജയപ്പെടുത്തി യുദ്ധം ജയിക്കാനുള്ള പ്രവാചകന്റെ തന്ത്രമായിരുന്നു അത്. തന്റെ ശത്രുപക്ഷത്തുള്ളവർ പോലും കൊല്ലപ്പെടുന്നതിന്റെ എണ്ണം ഗണ്യമായി കുറക്കാൻ പ്രവാചകൻ ജാഗ്രത പുലർത്തിയിരുന്നു. ഇതുകൊണ്ടുതന്നെ പ്രവാചകന്റെ യുദ്ധങ്ങൾ വളരെ കുറച്ച് അത്യാഹിതങ്ങൾ മാത്രമേ വരുത്തിവെച്ചിട്ടുള്ളൂ. അവസാനകാലത്ത് ഔദ്യോഗിക യുദ്ധപ്രഖ്യാപനവും പ്രവാചകൻ നടത്തിയിരുന്നു. ശത്രുവിനോട് ഇസ്‌ലാം സ്വീകരിക്കാൻ ആവശ്യപ്പെടലാണ് ആദ്യ ഘട്ടം. അത് നിരസിച്ചാൽ തന്റെ രാഷ്ട്രാധികാരം അംഗീകരിക്കാൻ ആവശ്യപ്പെടും. ഈ രീതി പിന്തുടരുന്നത് അനാവശ്യ ചോരചിന്തലുകൾ ഒഴിവാക്കുന്നതിന് ഉപകരിക്കുമെന്ന് പ്രവാചകൻ പ്രത്യാശിച്ചു. ശത്രുക്കളെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുന്ന ഈ രീതി ഇന്നും ഫിഖ്ഹിന്റെ ഭാഗമാണ്. ഈ ക്ഷണം നടത്തുന്ന ഇടവേളയിൽ യുദ്ധത്തിന്റെ സ്വകാര്യത നഷ്ടപ്പെടുന്ന സാഹചര്യങ്ങൾ ഉണ്ടാവുകയാണെങ്കിൽ അവിടെ കർമശാസ്ത്ര ഇളവുകളുണ്ട്.

**ആധുനികയുദ്ധവും പൂർവാധുനിക യുദ്ധവും ഒരേ പ്രക്രിയകളാണ് ഉൾകൊള്ളുന്നത്. തന്റെ പക്ഷത്തുള്ളവരെ സംരക്ഷിക്കുന്നതോടൊപ്പം എതിർപക്ഷത്തെ പരമാവധി ശത്രുക്കളെ കൊല്ലുകയെന്നതാണ് അന്നും ഇന്നും തുടർന്നു വരുന്ന രീതി. ഈ പ്രക്രിയകളിൽ മാറ്റം വന്നിട്ടില്ലെങ്കിലും ഉപയോഗിക്കുന്ന ആയുധങ്ങളിൽ വളരെ വലിയ മാറ്റങ്ങളുണ്ട്. ഇന്നത്തെ ആയുധങ്ങൾ മാരക പ്രഹരശേഷിയുള്ളവയാണ്.**




**ചോ: വോൾട്ടെയറിനെ പോലോത്ത ജ്ഞാനോദയ ചിന്തകർ എന്തുകൊണ്ടാണ് പ്രവാചകനെ മതഭ്രാന്തനെന്നും യുദ്ധക്കൊതിയനെന്നും വിളിക്കുന്നത്? അവർക്ക് മധ്യകാല യുദ്ധരീതികൾ അറിയില്ലായിരുന്നോ? അതോ മനഃപൂർവമായ അപകീർത്തി വരുത്തുകയായിരുന്നോ?**

ഉ: ആയിരത്തോളം വർഷമായി പരിശുദ്ധ പ്രവാചകനെ മുഴുവൻ ക്രിസ്ത്യാനികളും ഇതര അമുസ്‌ലിംകളും പൂർണമായി മനസ്സിലാക്കുകയോ ഇഷ്ടപ്പെടുകയോ ചെയ്തിട്ടില്ല. അതുകൊണ്ടുതന്നെ, ജ്ഞാനോദയ ചിന്തകർ തങ്ങളുടെ മുൻഗാമികളുടെ അതേ വീക്ഷണം പങ്കുവെച്ചുവന്നതിൽ അത്ഭുതപ്പെടാനൊന്നുമില്ല. തന്റെ മതക്കാർ മറ്റുള്ളവരെ അതിജയിക്കണമെന്ന അമിതമായ താൽപര്യം (triumphalism) എല്ലാ മതങ്ങളുടെ ചരിത്രത്തിലും കാണാം. ക്രിസ്തുമതത്തിലുള്ളതുപോലെ ഇത് മുസ്‌ലിംകളിലും ഉണ്ടെന്ന് പറയാതെ വയ്യ. മറ്റു പാരമ്പര്യങ്ങളെയും വ്യക്തിത്വങ്ങളെയും അവമതിച്ച് തന്റെ മതത്തെ അന്തമില്ലാതെ പുകഴ്ത്തുന്ന മുസ്‌ലിംകളെ എനിക്കറിയാം. ഇത് ആര് ചെയ്യുന്നതാണെങ്കിലും തെറ്റുതന്നെയാണ്. ഇന്ന് അമുസ്‌ലിംകളായ പലരും പ്രവാചകനെക്കുറിച്ച് കൂടുതൽ മനസ്സിലാക്കിത്തുടങ്ങിയിട്ടുണ്ട്. അതുല്യമായ ധാർമിക ജീവിതം നയിച്ച പ്രവാചകൻ ചരിത്രത്തിലെ അതിവിശിഷ്ടമായ ഒരു വ്യക്തിത്വമാണെന്നും ആ ജീവിതം പഠനവിധേയമാക്കേണ്ടതാണെന്നും അവർ തിരിച്ചറിയുന്നു.

**ചോ: വെടിമരുന്ന് ഏതുരീതിയിലാണ് മുസ്‌ലിം സമൂഹങ്ങളിൽ സ്വീകരിക്കപ്പെട്ടിരുന്നത്. "തീ ഉപയോഗിച്ചുള്ള കൊല്ലൽ" എന്നത് ഒരു പണ്ഡിത സംവാദത്തിന് വഴിവെച്ചിരുന്നോ? ഉസ്മാനി, മുഗൾ തുടങ്ങിയ സാമ്രാജ്യങ്ങളിലെ യഥാർഥ യുദ്ധതന്ത്രങ്ങൾ എന്തൊക്കെയായിരുന്നു?**

ഉ: വെടിമരുന്ന് വളരെ പെട്ടെന്ന് മുസ്‌ലിം സാമ്രാജ്യങ്ങളുടെ യുദ്ധ സന്നാഹങ്ങളുടെ ഭാഗമായിത്തീർന്നിരുന്നു. 13–14 നൂറ്റാണ്ടുകളിലെ ആദ്യകാല ഉസ്മാനി ഖലീഫമാർ വലിയ അളവിൽ വെടിമരുന്ന് ഉപയോഗിക്കുകയും തുടർച്ചയായ വിജയങ്ങൾ നേടുകയും ചെയ്തിരുന്നു. ക്രിസ്ത്യൻ തോക്കുകച്ചവടക്കാരിൽനിന്ന് വാങ്ങിയ പീരങ്കി തോക്കുകൾ സുൽത്താൻ മുഹമ്മദ് രണ്ടാമൻ കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കുന്നതിന് ഉപയോഗിച്ചത് ഇതിനുദാഹരണമാണ്. യുദ്ധത്തിന്റെ കർമശാസ്ത്രത്തിൽ ഈ വെടിമരുന്ന് വിപ്ലവകരമായ മാറ്റങ്ങളൊന്നുമുണ്ടാക്കിയിട്ടില്ല. അത്യന്തികമായി, അമ്പുകളും കുന്തങ്ങളും പീരങ്കികളും ചെയ്തിരുന്ന ശത്രുപക്ഷത്തെ സൈനികരെ കൊല്ലുക എന്ന ധർമം മാത്രമാണ് വെടിമരുന്നും നിർവഹിച്ചത്. കൂടുതൽ ഫലപ്രദമായും അകലം പാലിച്ചും വേഗതയോടെ ഇവക്ക് അക്രമിക്കാൻ സാധിക്കുന്നു. അതുകൊണ്ടുതന്നെ ആ വിദ്യ മുസ്‌ലിംകൾ വശപ്പെടുത്തിയില്ലെങ്കിൽ വെടിമരുന്നുള്ള ശത്രുവിനെ യുദ്ധത്തിൽ നേരിടാൻ മുസ്‌ലിം സേനക്ക് ഒരുനിലക്കും സാധിക്കാതെ വരും. പോരാളികളല്ലാത്തവർ കൊല്ലപ്പെടാനുള്ള മികച്ച സാധ്യത നിലനിൽക്കുന്നുണ്ടെങ്കിൽ യഥാർഥ പോരാളികൾക്കെതിരെപോലും അവ ഉപയോഗിക്കാൻ പാടില്ല. 1400 വർഷമായി നിരപരാധികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിൽ ഇസ്‌ലാം അതീവജാഗ്രത പുലർത്തിയിട്ടുണ്ട്.

●

**വെടിമരുന്ന് വളരെ പെട്ടെന്ന് മുസ്‌ലിം സാമ്രാജ്യങ്ങളുടെ യുദ്ധ സന്നാഹങ്ങളുടെ ഭാഗമായിത്തീർന്നിരുന്നു. 13–14 നൂറ്റാണ്ടുകളിലെ ആദ്യകാല ഉസ്മാനി ഖലീഫമാർ വലിയ അളവിൽ വെടിമരുന്ന് ഉപയോഗിക്കുകയും തുടർച്ചയായ വിജയങ്ങൾ നേടുകയും ചെയ്തിരുന്നു. ക്രിസ്ത്യൻ തോക്കുകച്ചവടക്കാരിൽനിന്ന് വാങ്ങിയ പീരങ്കി തോക്കുകൾ സുൽത്താൻ മുഹമ്മദ് രണ്ടാമൻ കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കുന്നതിന് ഉപയോഗിച്ചത് ഇതിനുദാഹരണമാണ്.**